# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :21/10/ 2019

## പോലീസ് സ്മൃതിദിനം
## കൊല്ലം സിറ്റി പോലീസ് സമുചിതമായി ആചരിച്ചു.

കൊല്ലം : ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ രാജ്യത്തിനു വേണ്ടി ജീവത്യാഗം ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ സ്മരണാർത്ഥം 21 ഒക്ടോബർ 2019 രാജ്യം സ്മൃതി ദിനമായി ആചരിച്ചു. സ്മൃതി ദിനത്തിന്റെ ഭാഗമായി കൊല്ലം സിറ്റി പോലീസ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലാസായുധസേനാ ക്യാംപിൽ ഇന്നു രാവിലെ 8 മണിക്ക് സ്മൃതിദിന പരേഡ് നടന്നു.



രാജ്യസേവനത്തിനിടെ ജിവത്യാഗം ചെയ്ത പോലീസ്സേനാംഗങ്ങളെ അനുസ്മരിക്കുന്ന ചടങ്ങ് ആചാരം അനുസരിച്ച് ഉചിതമായി ജില്ലാ സായുധ സേനാക്യാംപിൽ സംഘടിപ്പിക്കുകയുണ്ടായി. കൊല്ലം സായുധ സേനാ ക്യാംപിൽ നടന്ന സ്മൃതിദിനാചരണ പരിപാടിയിൽ മുൻ ത്രിപുര ഡി.ജി.പി. ശ്രീ. ബി.ജെ.കെ.തമ്പി, വിരമിച്ച മറ്റ്മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും മണ്ഡപത്തിൽ പുഷ്പാർച്ചനയും, അനുസ്മരണവും നടത്തി. സിറ്റി പോലിസ് പരിധിയിലെ എല്ലാ പോലീസ്





സ്റ്റേഷനുകളിലും പൊതുജനങ്ങളെയും, സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും, ജനപ്രതിനിധികളുടെയും, സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തത്തോടെ വിവിധപരിപാടികൾ സംഘടിപ്പിച്ചു. കൊല്ലം സിറ്റി പോലീസിന്റെ സാന്ദ്രം പദ്ധതിയുടെ ഭാഗമായി നിർദ്ധനരായ രോഗികൾക്കുള്ള ധനസഹായം കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ.പി.കെ.മധു ഐ.പി.എസ് വിതരണം ചെയ്തു. ഡ്യൂട്ടിക്കിടെ മരണംവരിച്ച പോലീസ് ഉദ്യോഗസ്ഥരുടെ വീടുകളിൽ പോലീസ് ഉദ്യോഗസ്ഥർ സന്ദർശനം നടത്തി. സ്റ്റേഷൻ പരിധിയിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് വിവധ വിഷയങ്ങളിൽ ക്വിസ് മൽസരം, ചിത്രരചനാ മൽസരം, ഉപന്യാസ മൽസരങ്ങൾ എന്നിവ സംഘടിപ്പിച്ചു. വിവിധ ആശുപത്രികളുടെ സഹകരണത്തോടെ രക്തദാന ക്യാംപുകൾ, മെഡിക്കൽ ക്യാംപുകൾ എന്നിവ സംഘടിപ്പിച്ചു. വിവിധ പോലീസ് സ്റ്റേഷനുകളിൽ പൊതുജന പങ്കാളിത്തത്തോടെ വൃക്ഷത്തൈനടീൽ, സ്മൃതിദിന ഘോഷയാത്ര, മുതിർന്ന സേനാംഗങ്ങളെ ആദരിക്കൽ, സൈക്കിൾറാലി, കൂട്ടഓട്ടം തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചു.



# പോലീസ് സ്മൃതിദിനം
# കൊല്ലം സിറ്റി പോലീസ് സമുചിതമായി ആചരിച്ചു.



## കൊല്ലം സിറ്റി പോലീസ് സംഘടിപ്പിച്ച വിവിധ പരിപാടികൾ

### കൊല്ലം ഈസ്റ്റ് സ്റ്റേഷൻ : രക്തദാന ക്യാംപ് നടത്തി







### കൊല്ലം വെസ്റ്റ് സ്റ്റേഷൻ : പരിസ്ഥിതി ശുചീകരണം സംഘടിപ്പിച്ചു





തെക്കും ഭാഗം സ്റ്റേഷൻ : മെഡിക്കൽ ക്യാംപ്, സ്മൃതിദിന റാലിയും സംഘടിപ്പിച്ചു







കോസ്റ്റൽ സ്റ്റേഷൻ : കണ്ടൽതൈകൾ നട്ടു





പരവൂർ സ്റ്റേഷൻ : സ്മൃതിദിന റാലി സംഘടിപ്പിച്ചു



കണ്ണനല്ലൂർ സ്റ്റേഷൻ : മെഡിക്കൽ ക്യാംപ്, ക്വിസ് മൽസരവും സംഘടിപ്പിച്ചു







കൊട്ടിയം സ്റ്റേഷൻ : മെഡിക്കൽ ക്യാംപ്, സ്മൃതിദിന റാലിയും സംഘടിപ്പിച്ചു







## പള്ളിത്തോട്ടം സ്റ്റേഷൻ : ചിത്രരചനാ മൽസരം സംഘടിപ്പിച്ചു









## കിളികൊല്ലൂർ സ്റ്റേഷൻ : സ്മൃതിദിന റാലി സംഘടിപ്പിച്ചു





## ചാത്തന്നൂർ സ്റ്റേഷൻ : ക്വിസ് മൽസരം സംഘടിപ്പിച്ചു







## ഓച്ചിറ സ്റ്റേഷൻ : സ്മൃതിദിന കൂട്ടഓട്ടം സംഘടിപ്പിച്ചു









ട്രാഫിക്ക് സ്റ്റേഷൻ : മെഡിക്കൽ ക്യാമ്പ്, ഹെൽമറ്റ് വിതരണം








അഞ്ചാലുംമൂട് സ്റ്റേഷൻ : സ്മൃതിദിന കൂട്ടഓട്ടം സംഘടിപ്പിച്ചു







ചവറ സ്റ്റേഷൻ : സ്മൃതിദിന കൂട്ടഓട്ടം സംഘടിപ്പിച്ചു





കരുനാഗപ്പള്ളി സ്റ്റേഷൻ : സ്റ്റാമ്പ് കളക്ഷൻ സംഘടിപ്പിച്ചു






ശക്തികുളങ്ങര സ്റ്റേഷൻ : സൈക്കിൾ റാലിയും ക്വിസ്സ് മത്സരവും സംഘടിപ്പിച്ചു





# പാരിപ്പള്ളി സ്റ്റേഷൻ

## സ്മൃതി ദിനത്തിനോടനുബന്ധിച്ച് ആട് ആന്റണി കുത്തികൊലപ്പെ ടുത്തിയ **ശ്രീ. മണിയൻ പിള്ള** സാറിന്റെ ഭവന സന്ദർശനം







## ഡ്യൂട്ടിക്കിടയിൽ വാഹന അപകടത്തിൽപ്പെട്ട് മരണപ്പെട്ട ശ്രീമതി. ശ്രീകല മാഡത്തിന്റെ ഭവന സന്ദർശനം



